# CAREER Updates

# പത്രവൃത്താന്തം

07.10.2024 (തിങ്കൾ)



- ⇨ 2024-ലെ വൈദ്യശാസ്ത്ര നൊബേൽ പുരസ്കാരത്തിന് അർഹരായത്
- ✔ വിക്ടർ അംബ്രോസ്, ഗാരി റുവ്കുൻ
- 💧 അമേരിക്കൻ ശാസ്ത്രജ്ഞരാണ് വിക്ടർ അംബ്രോസും ഗാരി റുവ്കുനും.
- 💧 മൈക്രോ ആർ.എൻ.എ. കണ്ടെത്തിയതിനും ജീനുകളുടെ അടിസ്ഥാനപരമായ പ്രവർത്തനത്തെ അവ എങ്ങനെ നിയന്ത്രിക്കുന്നുവെന്ന് തിരിച്ചറിഞ്ഞതിനുമാണ് ഇരുവർക്കും നൊബേൽ സമ്മാനം ലഭിച്ചത്.

- ⇨ പട്ടം ആസ്ഥാനമായ ജോസഫ് മുണ്ടശ്ശേരി ഫൗണ്ടേഷൻ യുവ വൈജ്ഞാനിക എഴുത്തുകാർക്കായി ഏർപ്പെടുത്തിയ 2023-ലെ ജോസഫ് മുണ്ടശ്ശേരി പുരസ്കാരത്തിന് അർഹയായത്
- ✔ യു. ആതിര
- 💧 യു. ആതിരയുടെ 'മഞ്ഞുരുകുമ്പോൾ' എന്ന കൃതിയ്ക്കാണ് പുരസ്കാരം.
- ⇨ രജിസ്ട്രേഷൻ, റവന്യൂ, സർവേ എന്നീ മൂന്ന് വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ പോർട്ടൽ
- ✔ എെലിംസ് (ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം)

CAREER GUIDANCE BUREAU

- ⇨ ചന്ദ്രനിലേക്ക് നേരിട്ട് പറക്കാനും ഇന്ത്യക്കാരെ ചന്ദ്രനിൽ ഇറക്കി തിരിച്ച് എത്തിക്കാനുമുള്ള ഐ.എസ്.ആർ.ഒ. യുടെ കൂറ്റൻ റോക്കറ്റ്
- ✔ സൂര്യ എൻ.ജി.എൽ.വി.
- 💧 നെക്സ്റ്റ് ജനറേഷൻ ലോഞ്ച് വെഹിക്കിൾ (എൻ.ജി.എൽ.വി.) എന്ന പുതുതലമുറ റോക്കറ്റിന് ചന്ദ്രനിൽ എത്താൻ നൂറ് മണിക്കൂർ മതി. 2040-ഓടെ ഈ റോക്കറ്റിൽ ഇന്ത്യക്കാരെ ചന്ദ്രനിൽ ഇറക്കാമെന്നാണ് പ്രതീക്ഷ.
- ⇨ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായ സമഗ്ര പോർട്ടലിന്റെ പരിഷ്കരിച്ച രൂപം
- ✔ സമഗ്ര പ്ലസ്
- ⇨ 2024 ഒക്ടോബറിൽ മലേഷ്യ വേദിയാകുന്ന സുൽത്താൻ ഓഫ് ജോഹർ കപ്പിൽ ഇന്ത്യൻ ജൂനിയർ ഹോക്കി ടീമിന്റെ മുഖ്യ പരിശീലകൻ
- ✔ പി.ആർ. ശ്രീജേഷ്
- ⇨ ഓഹരി നിക്ഷേപകരംഗത്ത് സുരക്ഷ ഉറപ്പാക്കാനുള്ള നടപടിയുടെ ഭാഗമായി സുപ്രീം കോടതി രൂപീകരിച്ച ആറംഗ സമിതിയുടെ അധ്യക്ഷൻ
- ✔ എ.എം. സപ്രെ
- ⇨ 2024 ഒക്ടോബറിൽ ഏഷ്യയിലെ ആദ്യ നാലുതട്ട് ഫ്ളൈഓവർ ഉദ്ഘാടനം ചെയ്യപ്പെട്ടതെവിടെ?
- ✔ നാഗ്പൂർ
- ⇨ 95 വർഷം മുൻപ് അറബി മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട, തിരുവിതാംകൂർ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന മാപ്പിളപാട്ടുകൃതിയായ 'ബഹുവിശേശ വിനോദ കീർത്തനം നൂദന ഖിസ്സ' എന്ന കൃതി അടുത്തിടെ ഏത് പേരിലാണ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചത്?
- ✔ തിരുവിതാംകൂർ മാല

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999